©
**കേരള സർക്കാർ**
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## അസാധാരണം

## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9** Vol. IX | **തിരുവനന്തപുരം, ശനി** Thiruvananthapuram, Saturday | **2020 ഡിസംബർ 05** 05th December 2020 **1196 വൃശ്ചികം 20** 20th Vrischikam 1196 **1942 അഗ്രഹായനം 14** 14th Agrahayana 1942 | **നമ്പർ** No. | **2940** |

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി)നം.76/2020/ത.സ്വ.ഭ.വ തിരുവനന്തപുരം, 05/12/2020

**എസ്. ആർ. ഒ. നമ്പർ 851/2020**

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994–ലെ 20 ) 130 എ വകുപ്പ് പ്രകാരം പ്രത്യേക വിഭാഗങ്ങളിലെ സമ്മതിദായകർക്ക്, അതായത് സാംക്രമിക രോഗം ബാധിച്ച ഏതൊരാൾക്കും, ക്വാറന്റൈനിൽ ആയിരിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിങ് സ്റ്റേഷനിൽ ആക്റ്റിന്റെ 126–ാം വകുപ്പ് (2)–ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയത്ത് നേരിട്ട് വോട്ട് ചെയ്യാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1995-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 സി യിലെ (6)-ാം ഉപചട്ടത്തിൽ സർക്കാർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകരുടെ ഫാറം 16-ലുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്താൻ പ്രത്യേക പോളിങ് ആഫീസറെയോ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറെയോ അധികാരപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994-ലെ 20) 130 എ വകുപ്പും 1995-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 24 സി യിലെ (6)-ാം ഉപചട്ടവും കൂട്ടിവായിച്ച പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, സർക്കാർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകരുടെ ഫാറം 16-ലുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തുന്നതിനുള്ള ഉദ്യോഗസ്ഥരായി പ്രത്യേക പോളിങ് ആഫീസറെ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറെ ഇതിനാൽ അധികാരപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2020–ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2020–ലെ 77) പ്രകാരം ഭേദഗതി ചെയ്ത കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ (1994–ലെ 20) 130 എ വകുപ്പിലെ (1)–ാം ഉപവകുപ്പ്, പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള വിഭാഗം ആളുകൾക്ക്, അതായത് സാംക്രമിക രോഗം ബാധിച്ച ഏതൊരാൾക്കും, ക്വാറന്റൈനിൽ ആയിരിക്കുന്ന ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (2)–ാം ഉപവകുപ്പിൽ മേൽ പരാമർശിച്ച ഏതെങ്കിലും വിഭാഗങ്ങളിലെ സമ്മതിദായകന് തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിങ് സ്റ്റേഷനിൽ 126–ാം വകുപ്പ് (2)–ാം ഉപവകുപ്പിൽ, വ്യക്തമാക്കിയ സമയത്ത് നേരിട്ട് വോട്ട് ചെയ്യാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു. 1995–ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 24 സി ചട്ടത്തിലെ (6)–ാം ഉപചട്ടത്തിൽ സർക്കാർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകരുടെ ഫാറം 16–ലുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്താൻ പ്രത്യേക പോളിങ് ആഫീസറെയോ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറെയോ അധികാരപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് ഫാറം 16–ലുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തുന്നതിന് പ്രത്യേക പോളിങ് ആഫീസറെ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറെ അധികാരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.12.05 06:10:53 +05:30